പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1013

11.03.2015-ലെ മറുപടിയ്ക്ക്

**അരൂർ നിയോജകമണ്ഡലത്തിൽ ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട് അരൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഈ പദ്ധതികൾക്കായി അനുവദിച്ചിട്ടുളള തുക എത്രയാണ്; ഇപ്പോൾ ഈ പ്രവൃത്തി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയുടെ ഭാഗമായി അരൂർ നിയോജക മണ്ഡലത്തിൽ അരൂക്കുറ്റി ഹൗസ് ബോട്ട് ടെർമിനൽ, തഴപ്പ് മൈക്രോ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് എന്നീ രണ്ടു പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതികൾക്കായി യഥാക്രമം 2,16,47,000/- രൂപയും 1,38,06,000/- രൂപയും ആണ് അനുവദിച്ചിട്ടുള്ളത്. അരൂക്കുറ്റിയിൽ ബോട്ട് ജെട്ടിയ്ക്കായുള്ള പൈലുകൾ കാസ്റ്റു ചെയ്തു കഴിഞ്ഞ അവസരത്തിൽ പരിസരവാസികളായ മൽസ്യത്തൊഴിലാളികൾ കായലിൽ ബോട്ടു ജെട്ടി പണിയുന്നതിനെതിരെയും CRZ അനുമതി ലഭിക്കാതെ പണി തുടരുന്നതിനെതിരേയും തടസ്സവാദങ്ങൾ ഉന്നയിച്ചതിനാൽ പ്രവൃത്തി തടസ്സപ്പെട്ടുകയുണ്ടായി. ഇപ്പോൾ CRZ അനുമതി ലഭിച്ചതിനാൽ പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഉടൻതന്നെ പൈൽ ഡ്രൈവിങ്ങ് |

തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തഴപ്പിൽ മൈക്രോ ഡെസ്റ്ററിനേഷൻ ഡെവലപ്മെന്റിന്റെ ഭാഗമായി ശിക്കാര /മോട്ടോർ ബോട്ടുകൾക്ക് അടുക്കാൻ പറ്റുന്ന ചെറിയ ജെട്ടിയുള്ള പൈലുകൾ കാസ്റ്റുചെയ്യുകയും 50% ഡ്രൈവ് ചെയ്യുകയും ചെയ്ത സന്ദർഭത്തിൽ കായലിൽ ഉള്ള നിർമ്മാണത്തിനെതിരായി മത്സ്യ ത്തൊഴിലാളികൾ പണി തടസപ്പെടുത്തുകയും അങ്ങനെ പണി നിർത്തി വെയ്ക്കുകയും ഉണ്ടായി. മത്സ്യത്തൊഴിലാളികളുമായി പലവട്ടം ചർച്ച നടത്തി പുതുക്കിയ പ്ലാൻ പ്രകാരം പണി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചിരി ക്കുകയാണ്. ഉടനെ തന്നെ പണി പുനരാരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ